(ഇ) യാത്രിനിവാസുകൾ ഇല്ലാത്ത പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അവ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് താഴെ കാണുന്ന സ്ഥലങ്ങളിലാണ് യാത്രി നിവാസുകൾ പ്രവർത്തിക്കുന്നത്. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, പീരുമേട്, കോഴിക്കോട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ചിട്ടുള്ള യാത്രിനിവാസുകൾ കുറഞ്ഞ വരുമാനക്കാരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ലാഭത്തിന്റെ അടിസ്ഥാനത്തിലല്ല ടൂറിസം വകുപ്പ് യാത്രിനിവാസുകൾ പ്രവർത്തിപ്പിക്കുന്നത്.

(സി) കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ യാത്രിനിവാസുകൾക്ക് സാമ്പത്തിക സഹായം നൽകുന്നില്ലായെന്നതിനാൽ പുതുതായി യാത്രിനിവാസുകളൊന്നും പരിഗണനയിലില്ല.

(ഡി) ഇല്ല.

(ഇ) 'സി' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമല്ല.

ഗസ്റ്റ് ഹൗസുകളുടെ സ്വകാര്യവൽക്കരണം

9 [2721] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഉടമസ്ഥതയിലുണ്ടായിരുന്ന എത്ര ഗസ്റ്റ് ഹൗസുകൾ സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്തു; എങ്കിൽ അവ ഏതെല്ലാം എന്നും; എന്തു വ്യവസ്ഥയിലാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) ഈ കൈമാറ്റം മൂലം സർക്കാരിന് എന്ത് നേട്ടമാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വകാര്യമേഖലയ്ക്ക് കൈമാറിയ സർക്കാർ ഗസ്റ്റ് ഹൗസുകളോടു ചേർന്ന് എത്ര ഭൂമി ഉണ്ടെന്നും അതിലുള്ള കെട്ടിടത്തിന് എന്തു വിലവരും എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഗസ്റ്റ് ഹൗസുകൾ ഒന്നും തന്നെ സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്തിട്ടില്ല.

(ബി ആന്റ് സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly